<u>പതിനാലാം കേരളനിയമസഭ</u>
<u>പത്താം സമ്മേളനം</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4444 | 21.03.2018-ൽ മറുപടിക്ക് |
|---|---|

## വ്യാജ പരാതികൾ നൽകുന്നവർ

| ചോദ്യം<br>ശ്രീ. പി.സി. ജോർജ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ പൊലീസ് സ്റ്റേഷനുകൾ, പൊലീസ് സെല്ലുകൾ (വിജിലൻസ്, ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് മുതലായവ) എന്നിവിടങ്ങളിൽ വ്യാജ പരാതികൾ നൽകി കേസുകൾ എടുപ്പിച്ച് ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വ്യക്തികൾക്കെതിരെ നിയമ നടപടികൾ സ്വീകരിയ്ക്കുവാൻ മാർഗ്ഗമുണ്ടോ; വിശദമാക്കാമോ; | (എ)യും (ബി)യും | വ്യാജ പരാതികൾ നൽകി കേസ്സുകൾ എടുപ്പിച്ച് ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വ്യക്തികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ മാർഗ്ഗമുണ്ട്.<br>• പോലീസിന് തെറ്റായ വിവരങ്ങൾ നൽകി കേസ്സ് രജിസ്റ്റർ ചെയ്യിപ്പിക്കുകയും ആയത് അന്വേഷണത്തിൽ ബോധ്യപ്പെടുകയും ചെയ്യുന്ന പക്ഷം നിയമാനുസൃതം ഒരു പബ്ലിക് സെർവന്റിനോട് നൽകേണ്ടുന്ന വിവരം ആയത് കളവാണെന്ന് അറിഞ്ഞുകൊണ്ടും അത് ശരിയാണെന്ന് നൽകുന്ന വിവരം (177 IPC),<br>• പബ്ലിക് സെർവന്റിനോട് ഒരു വ്യക്തി ശപഥത്തിന്മേൽ നിയമാനുസൃതം സത്യം പറയേണ്ടത്, കളവായി സത്യമാണെന്ന നിലയിൽ അറിഞ്ഞുകൊണ്ട് പ്രസ്താവിക്കുന്നത് (181 IPC),<br>• പബ്ലിക് സെർവന്റിന്റെ നിയമാനുസൃതമായ അധികാരം, മറ്റൊരാൾക്ക് ക്ഷതിയോ, ഉപദ്രവമോ ഉളവാക്കുവാൻ ഉപയോഗിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി കളവായി ആ പബ്ലിക് സെർവന്റിനോട് പറയുന്നത് (182 IPC),<br>• ആരെങ്കിലും, ഒരു വ്യക്തിക്ക് ക്ഷതം ഏൽപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി |
| (ബി) | വ്യാജ പരാതി നൽകുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടു വരാൻ പരാതി നൽകേണ്ടത് എവിടെയാണെന്ന് വ്യക്തമാക്കാമോ? | | |

| | | | | |
|---|---|---|---|---|
| | | | | ആ വ്യക്തിക്കെതിരെ നിയമനടപടി എടുക്കുകയോ അല്ലെങ്കിൽ ഒരു വ്യക്തി കുറ്റം ചെയ്തിട്ടുണ്ടെന്ന് തെറ്റായി ചാർജ്ജ് ചെയ്യുന്നതോ (211 IPC) എന്നീ വകുപ്പുകൾ പ്രകാരം വ്യാജ പരാതികൾ നൽകുന്നവർക്കെതിരെ ബന്ധപ്പെട്ട കോടതികളിലും പോലീസ് സ്റ്റേഷനുകളിലും പരാതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ